TRIVANDRUM

(Pages : 4)

G – 2534

Reg. No. : .....

Name : .....

Second Semester B.A./B.Sc./B.Com. Degree Examination, May 2019

Career Related First Degree Programme under CBCSS

MALAYALAM

Additional Language – II

ML 1211.3 : ദൃശ്യകലാസാഹിത്യം

(2018 admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക.

1. നളചരിതത്തിന്റെ മൂലകഥ മഹാഭാരതം ഏതു പർവ്വത്തിലാണുള്ളത്?

2. കുഞ്ചൻ നമ്പ്യാരുടെ ജന്മദേശം.

3. ഭഗ്നഭവനം അരങ്ങേറിയ വർഷം.

4. എൻ. കൃഷ്ണപിള്ളയെ മുഖ്യമായും സ്വാധീനിച്ച പാശ്ചാത്യ നാടകകാരൻ.

5. ലേബർ റൂം എന്ന നാടകം അവതരിപ്പിച്ച നാടകസംഘം?

6. പി. പത്മരാജൻ തിരക്കഥാരചനയിലേക്കും സംവിധാനത്തിലേക്കും കടന്ന ആദ്യ ചലച്ചിത്രമേത്?

7. ദിവസം ഒരു കഥയെന്ന നിലയിൽ ഇരുന്നൂറിലധികം ആട്ടക്കഥകൾ എഴുതി പ്രശസ്തനായ ആട്ടക്കഥാകാരൻ.

All Saints' College Trivandrum

P.T.O.

8. തുള്ളൽവൃത്തം എന്നറിയപ്പെടുന്ന വൃത്തം.

9. ലേബർ റൂം ആദ്യമായി അവതരിപ്പിച്ച വർഷം.

10. ഒരിടത്തൊരു ഫയൽവാൻ എന്ന ചലച്ചിത്രത്തിൽ കണ്ണൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച അഭിനേതാവ്.

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ''മുദിതം മാനസം മമ ഭവദംഗദർശനേന

മുഴുതിങ്കളുദയേന കുമുദമെന്നതുപോലെ'' ആരുടെ വാക്കുകൾ? ഔചിത്യഭംഗി പരിശോധിക്കുക.

12. ''വാമാക്ഷിവാക്യം പ്രമാണിക്കകാരണം

രാമാദികൾക്കുമബദ്ധം പിണഞ്ഞുപോൽ'' - സൂചിതമെന്ത്?

13. ''ഭ്രാന്തിൽനിന്നും അബദ്ധത്തിൽനിന്നും ചാടിപ്പുറപ്പെടുന്ന വിശ്വാസങ്ങൾ!'' ആരാണിങ്ങനെ അഭിപ്രായപ്പെടുന്നത്? സന്ദർഭമേത്?

14. ''ജനിക്കാനിരിക്കുന്നവരും മരിച്ചു പോയവരും ജീവിച്ചിരിക്കുന്നവരേക്കാൾ പ്രായംകൂടിയവരാണ്'' - ആരുടേതാണീ പ്രസ്താവം? പൊരുളെന്ത്?

15. ശിവൻപിള്ള എന്ന കഥാപാത്രത്തിന് 'ഒരിടത്തൊരു ഫയൽവാൻ' തിരക്കഥയിലുള്ള പ്രാധാന്യമെന്ത്?

16. ലേബർ റൂം നാടകത്തിൽ ഗർഭിണിയായ മൂന്നാമത്തെ സ്ത്രീ ജീവച്ഛവമായ കുഞ്ഞിനെ ആഗ്രഹിക്കാൻ കാരണമെന്ത്?

17. ''രത്നമെല്ലാം നിനക്കുള്ളൂ, യജ്ഞമേ ദേവകൾക്കുള്ളൂ'' - സാംഗത്യമെന്ത്?

18. 'സഫലം നിന്നുടെ കാര്യം സപദിസംഭവിച്ചീടും'' ആരാണിങ്ങനെ പറയുന്നത്? കാര്യമെന്ത്?

19. ''മൂന്നു വർഷത്തെ സഹവാസം കൊണ്ടും എനിക്കു നിന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല'' ആരാണിങ്ങനെ പരിതപിക്കുന്നത്? കാരണമെന്ത്?

All Saints' College Trivandrum

SAINTS COLLEGE THIVANDRUM

20. ''എന്നാൽ കുലമിതഖിലവുമറുതിവന്നിതു'' ഹംസത്തിന്റെ ഈ വാക്കുകൾക്ക് ആട്ടക്കഥയിലുള്ള പ്രാധാന്യമെന്ത്?

21. 'കല്യാണസൗഗന്ധികം' എന്ന പേര് തുള്ളൽക്കൃതിക്ക് എത്രത്തോളം അനുയോജ്യമാണെന്നു പരിശോധിക്കുക.

22. കൃഷ്ണനാട്ടം, രാമനാട്ടം - കുറിപ്പെഴുതുക.

(8 × 2 = 16 Marks)

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ''നല്ലതു നല്ലതിനോടേ ചേരണം, തവ
വല്ലഭനപരൻ തുല്യൻ നഹി നൂനം'' - സന്ദർഭവും സാരസ്യവും വിശദമാക്കുക.

24. ''ഇത്ഥം പറഞ്ഞുഗദയും വഹിച്ചുകൊ-
ണ്ടുത്ഥാനവും ചെയ്തു ഗന്ധവാഹാത്മജൻ'' - പറഞ്ഞതെന്തെല്ലാം?

25. ''എടാ, കണ്ണില്ലാത്ത ദൈവമേ നീ എന്റെ മൺകുടിൽ തകർത്തുകളഞ്ഞല്ലോ'' - ഈ വിലാപത്തിന് നാടകത്തിലുള്ള പ്രാധാന്യം വിലയിരുത്തുക.

26. ലേബർ റൂം നാടകത്തിലെ ഗർഭിണികളായ മൂന്നു സ്ത്രീകളും സ്ത്രീത്വത്തെ അടയാളപ്പെടുത്തുന്നതെങ്ങനെ?

27. ''അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നിടുമോ''
- ആശയഭംഗി വ്യക്തമാക്കുക.

28. നാടകവും തിരക്കഥയും തമ്മിലുള്ള മൗലികമായ വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക.

29. ''കഥാപാത്രസൃഷ്ടിയിൽ ഉണ്ണായിവാര്യർ പുലർത്തുന്ന സൂക്ഷ്മതയ്ക്ക് ദൃഷ്ടാന്തമാണ് ഹംസം'' നിരൂപിക്കുക.

30. ''ബാക്കിയെല്ലാക്കളിക്കും തോറ്റാ. പിന്നേം കളിക്കാം. ഗുസ്തീല് ഒരിക്കെ അടിപെട്ടാ പിന്നെ പിടിക്കാൻ ഗോദാ കിട്ടുകേല്ലാ!''- സന്ദർഭം വിശദമാക്കുക.

31. ''വ്യക്തിത്വവും എല്ലുറപ്പുള്ളതുമായ കഥാപാത്രങ്ങളാണ് ഭഗ്നഭവനം നാടകത്തിലുള്ളത്'' നിങ്ങൾ ഈ അഭിപ്രായത്തോടു യോജിക്കുന്നുവോ?

(6 × 4 = 24 Marks)

G – 2534

All Saints' College Trivandrum

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നളചരിതം ആട്ടക്കഥയുടെ സവിശേഷതകൾ പാഠഭാഗം മുൻനിർത്തി ഉപന്യസിക്കുക.

33. വനത്തിലേക്കുള്ള ഭീമന്റെ പ്രവേശം കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്നു വിവരിക്കുക.

34. ''മലയാളനാടകത്തിലെ ഒരു യുഗസംക്രമണമാണ് ഭഗ്നഭവനം'' - നിരൂപിക്കുക.

35. ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥയ്ക്കുള്ള പ്രാധാന്യം 'ഒരിടത്തൊരു ഫയൽവാൻ' മുൻനിർത്തി ചർച്ച ചെയ്യുക.

(2 × 15 = 30 Marks)

All Saints' College Trivandrum